ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/9783/2024-D4 (PA) തീയതി: 13-06-2026

**പരിപത്രം**

വിഷയം:- സാങ്കേതിക - വിദ്യാഭ്യാസ - വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - പ്ലാൻ/ നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി അനുവദിച്ചു പിഡബ്ല്യുഡിക്കു തുക ഡെപ്പോസിറ്റ് ചെയ്ത നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം അവശേഷിക്കുന്ന തുക തിരികെ ഒടുക്കുന്നതിനുള്ള നിർദ്ദേശം – സംബന്ധിച്ച്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ, പ്ലാൻ /നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി ലഭ്യമാക്കി പിഡബ്ല്യുഡി ക്കു തുക ഡെപ്പോസിറ്റ് ചെയ്ത നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം, അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നിർദ്ദേശം ചുവടെ ചേർക്കുന്നു.

1. നിർമ്മാണ പ്രവൃത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്ത അതേ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ പ്രവർത്തി പൂർത്തീകരിച്ചു ബാലൻസ് തുക ഉള്ള പക്ഷം, അവശേഷിക്കുന്ന തുക അനുവദിച്ച അതേ ശീർഷകത്തിൽ തന്നെ അതേ സാമ്പത്തിക വർഷം തന്നെ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

2.തുക ഡെപ്പോസിറ്റ് ചെയ്ത അതേ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ പ്രവർത്തി പൂർത്തീകരിച്ചു ബാലൻസ് തുക തിരികേ അടവാക്കാൻ സാധിക്കാത്ത പക്ഷം, പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം അവശേഷിക്കുന്ന തുക, പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച ഡെപ്പോസിറ്റ് തുകയാണെങ്കില് **'2203-00-911-99-ROP(Plan)'** എന്ന ശീർഷകത്തിലും നോൺ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച ഡെപ്പോസിറ്റ് തുകയാണെങ്കില് **'2203-00-911-99-ROP(Non-Plan)'** ശീർഷകത്തിലും സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

3.മൂലധനശീർഷകങ്ങളിൽ (Capital Heads of Account) നിന്നും പിൻവലിച്ചു അടവാക്കുന്ന ഡെപ്പോസിറ്റ് തുക പ്രകാരമുള്ള പ്രവര്ത്തികളിലാണ് പ്രവർത്തി പൂർത്തീകരണ ശേഷം ബാലൻസ് തുക വരുന്നതെങ്കിൽ ആയവ തുക പിൻവലിച്ച ക്യാപിറ്റൽ ഹെഡഡിലെ "-05 -Deduct Receipts and Recoveries on Capital account" എന്ന സബ് ഹെഡഡിൽ അടവാക്കേണ്ടതാണ് ( ഉദാഹരണം 4202-02-103-96-(P) എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ചു ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവർത്തി കഴിഞ്ഞ് ബാലൻസ് വന്ന തുക 4202-02-103-05-Deduct Receipts and Recoveries on Capital account(P) എന്ന ശീർഷകത്തിൽ തിരികേ അടവാക്കേണ്ടതാണ്)

4. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമുള്ള **ധന വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം** (Utilization Certificate / Completion Certificate), കൂടാതെ ബാലൻസ് തുക ഉള്ള പക്ഷം ആയത് സർക്കാർ കണക്കിൽ ഒടുക്കിയതിന്റെ **ചെലാന്റെ പകർപ്പ്** എന്നിവ അനുബന്ധ രേഖകൾ സഹിതം യഥാസമയം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

SHEFEEK AHAMMAD C M

SENIOR FINANCE OFFICER

13-06-2026

Digitally signed by
Shefeek Ahammad C M
Date: 13-06-2026
13:07:57

പകർപ്പ്

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും, ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ് സൈറ്റ് മുഖന്തിരം).

2.സീനിയർ ഫിനാൻസ് ഓഫീസറുടെ സി.എ.

3.ഓഫീസ് പകർപ്പ് /കരുതൽ ഫയൽ.